# കോവിഡ് ഭീതിയ്ക്കിടെ ദേശീയപാത തെളിവെടുപ്പ്; ഭൂവുടമകൾ ആശങ്കയിൽ

സംസ്ഥാനത്താകെയും എറണാകുളം ജില്ലയിൽ പ്രത്യേകിച്ചും കോവിഡ് രോഗപ്പകർച്ച വർദ്ധിക്കുന്ന ഭീതിതമായ സാഹചര്യത്തിൽ ദേശീയപാത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായ പൊതുതെളിവെടുപ്പ് നടത്തുന്നതിൽ പ്രതിഷേധം ശക്തമാവുന്നു. പറവൂരിലുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ ഓഫീസിലേക്ക് നിത്യേന നിരവധി ഭൂവുടമകളെ വിളിച്ചുവരുത്തി തെളിവെടുപ്പ് തുടങ്ങിയത് കോവിഡ് പ്രോട്ടോകോൾ നിയമങ്ങൾ ലംഘിക്കാൻ സർക്കാർ തന്നെ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് തുല്യമാണ്. പ്രായമേറിയവർ, രോഗികൾ, പ്രതിരോധ ശേഷി കുറഞ്ഞവർ എന്നിവർ യാതൊരു കാരണവശാലും പുറത്തിറങ്ങരുതെന്നും മറ്റുള്ളവർ അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമേ പുറത്തിറങ്ങാവൂ എന്നും ഇത് ലംഘിച്ചാൽ അറസ്റ്റ് അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നുമാണ് പോലീസും ആരോഗ്യവകുപ്പും അറിയിക്കുന്നത്. ഭൂവുടമകളിൽ ഭൂരിപക്ഷവും പ്രായമേറിയവരും വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുമാണ്.

തെളിവെടുപ്പിന് ഹാജരായില്ലെങ്കിൽ ഏകപക്ഷീയമായി നടപടികൾ സ്വീകരിക്കുമെന്ന് നോട്ടീസിൽ ഭീഷണിയുള്ളതിനാൽ രോഗഭീതി അവഗണിച്ചും വിവിധ വാഹനങ്ങളിൽ സഞ്ചരിച്ച് പറവൂരിലെ ഓഫീസിൽ നേരിട്ടെത്താൻ എല്ലാവരും നിർബന്ധിതരാവുകയാണ്. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിലമർന്ന് ജനങ്ങളാകെ തൊഴിലും ഉപജീവന മാർഗ്ഗങ്ങളും വരുമാനവും നഷ്ടപ്പെട്ട് ജീവിത പ്രതിസന്ധി നേരിടുന്നതിനിടയ്ക്ക് കുടിയൊഴിപ്പിക്കൽ നടപടികൾ ആരംഭിച്ചത് കടുത്ത ജനദ്രോഹമാണ്. ഒരു വട്ടം കുടിയിറക്കലും രണ്ട് പ്രളയങ്ങളും നേരിട്ട ഭൂവുടമകളെ കോവിഡ് ദുരന്തത്തിനിടെ വീണ്ടും ദ്രോഹിക്കുന്നതാണ് സർക്കാർ നടപടിയെന്ന് ദേശീയപാത സംയുക്ത സമരസമിതി ആരോപിച്ചു.

കോവിഡ് ആശങ്കകൾ ഒഴിയുന്നതുവരെ കുടിയൊഴിപ്പിക്കൽ നടപടികൾ ആരംഭിക്കരുതെന്നും തെളിവെടുപ്പ് അടക്കമുള്ള നടപടികൾ രോഗഭീതി പൂർണ്ണമായും മാറിയ ശേഷം മാത്രമേ തുടങ്ങാൻ പാടുള്ളൂ എന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി, ബന്ധപ്പെട്ട മന്ത്രിമാർ, ചീഫ് സെക്രട്ടറി, കളക്ടർ, കോമ്പിറ്റന്റ് അതോറിറ്റി, ദേശീയപാത അതോറിറ്റി എന്നിവർക്ക് നൽകിയ പരാതികൾ പരിഗണിക്കാത്ത സർക്കാർ നടപടിയെ എൻഎച്ച്:17 സംയുക്ത സമരസമിതി ചെയർമാൻ ഹാഷിം ചേന്നാമ്പിള്ളി കൺവീനർ കെ. വി. സത്യൻ മാസ്റ്റർ എന്നിവർ അപലപിക്കുകയും ഹിയറിങ് നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ■

# ടോൾപ്ലാസയിൽ നിന്നും പിരിച്ചെടുത്തത് നിർമ്മാണ ചെലവിനേക്കാൾ 80 കോടിയോളം രൂപ

തൃശ്ശൂർ പാലിയേക്കര ടോൾപ്ലാസയിൽ ദേശീയപാതയുടെ നിർമ്മാണ ചെലവിനേക്കാൾ 80 കോടിയോളം രൂപ അധികമായി ഇതിനോടകം പിരിച്ചെടുത്തതായി വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നു. ടോൾ പിരിവിന്റെ കാലാവധി എട്ടു വർഷം കൂടി ബാക്കി നിൽക്കെയാണ് ഈ കണക്കുകൾ പുറത്തുവന്നിരിക്കുന്നത്. 721.21 കോടി രൂപയാണ് പാതയുടെ നിർമാണത്തിനായി ചെലവായതെന്നാണ് ദേശീയപാത അതോറിറ്റിയുടെ രേഖകളിൽ പറയുന്നത്. എന്നാൽ 2020 മെയ് മാസം വരെ ടോളായി പിരിച്ചെടുത്തത് 800.31 കോടി രൂപയാണ്. 2012 ഫെബ്രുവരി ഒമ്പത് മുതലാണ് പാലിയേക്കരയിൽ ടോൾ പിരിവ് ആരംഭിച്ചത്. ടോൾ പിരിവ് ആരംഭിച്ച് എട്ട് വർഷം പിന്നിടുമ്പോൾ ഓരോ വർഷവും ശരാശരി എകദേശം 100 കോടിയോളം തുക ടോളായി പിരിച്ചെടുത്തുകഴിഞ്ഞു. ദേശീയപാതയുടെ നിർമാണ ചെലവിന് ആനുപാതികമായ തുക പിരിച്ചുകിട്ടിക്കഴിഞ്ഞാൽ പിന്നീട് ടോൾ പിരിവിൽ കുറവ് വരുത്തണമെന്നാണ് നിയമം. എന്നാൽ ഇക്കാര്യം ഇതുവരെ പാലിയേക്കരയിൽ പ്രാവർത്തികമായിട്ടില്ല. എട്ട് വർഷത്തിനിടെ ഇതുവഴി 12 കോടി വാഹനങ്ങളാണ് ടോൾ കൊടുത്ത് കടന്നുപോയതെന്നാണ് കണക്കുകൾ. 2028 വരെയാണ് ഇവിടെ ടോൾ പിരിക്കാൻ അനുമതിയുള്ളത്. നിലവിലെ രീതിയിൽ തന്നെ തുടർന്നാൽ വരും വർഷങ്ങളിൽ 1200 കോടിയോളം രൂപ കമ്പനി പിരിച്ചെടുക്കും. 721.21 കോടി മുടക്കി നിർമ്മിച്ച റോഡിന് വേണ്ടി നിർദ്ദേശിച്ച കാലാവധി വരെ ടോൾ പിരിക്കുമ്പോൾ കമ്പനി ജനങ്ങളിൽ നിന്ന് ഈടാക്കുക ഏകദേശം 2000 കോടിയോളം രൂപയാണ്. ■


## കേരളീയം ഡിജിറ്റൽ ആർക്കൈവ്

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:
www.keraleeyammasika.com






www.keraleeyammasika.com